## ക ത്തു ക ൾ

# ഇസ്‌ലാം ഓൺ എയർ

**കമലാ** സുറയ്യയുടെ മരണാനന്തര ചടങ്ങുകളിൽ മുസ്‌ലിം സമൂഹം കാണിച്ച സഹിഷ്ണുതയും വിശാലതയും നൽകുന്ന സന്ദേശം അത്ര ചെറുതല്ല. കർമശാസ്ത്ര വിഷയങ്ങളിൽ കാർക്കശ്യം പുലർത്താറുള്ള മതസംഘടനകളുടേതിൽനിന്ന് വ്യത്യസ്തമായ ഒരു മുഖമായിരുന്നു അവിടെ കണ്ടത്. ഒരു ബഹുസ്വര സമൂഹത്തിൽ അനുവർത്തിക്കാവുന്ന ഉദാരവും ഉദാത്തവുമായ മാതൃകയാവുകയായിരുന്നു അവരുടെ ഖബറടക്കം.

ഇതോടൊപ്പം മാധവിക്കുട്ടി മതപരിവർത്തനം ചെയ്ത ശേഷം ജീവിച്ച പത്തു വർഷങ്ങളിലും, അവരുടെ മരണാനന്തര ചടങ്ങുകളിലും അതിന് ശേഷവും മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന ഭിന്ന ചിന്താധാരകളുടെ പ്രതിനിധികൾ പുലർത്തിപോന്ന സമീപനങ്ങളെക്കുറിച്ച് സ്വയം വിമർശനപരമായി പരിശോധിക്കേണ്ടതുണ്ട്. മാധവിക്കുട്ടിയെ മനസ്സിലാക്കുന്നതിനു പകരം ജീവിതകാലത്ത് അവരെ 'സ്വന്ത'മാക്കാൻ ശ്രമിക്കുകയായിരുന്നു പലരും. സ്വകീയമോ സാമൂഹികമോ ആയ ചോദനകൾക്ക് വിധേയമായി പുതുവിശ്വാസത്തെ പുണരാൻ തയാറെടുക്കുന്നവരെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നവർ പ്രബോധകരാവുകയില്ല. അവർ സ്വയം അങ്ങനെ വിശേഷിപ്പിച്ചാൽ പോലും!

ഒരവസരത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങളിലെ യാഥാസ്ഥിതികത ഉൾക്കൊള്ളാൻ കഴിയാതെ പകച്ചുനിന്ന സുറയ്യ എന്ന നവമുസ്‌ലിമിന് ഇസ്‌ലാമിലും ജാതികൾ ഉണ്ടോ എന്ന് ചോദിക്കേണ്ടിവന്നു. കൂടോത്ര പണികൾക്ക് മുന്നിൽ അവർ നിസ്സഹായതയുടെ കണ്ണീർ വീഴ്ത്തി. അനുഭവസാക്ഷ്യങ്ങളുടെ ഇത്തരം പാഠങ്ങൾ ഒരു ബഹുമത സമൂഹത്തിലെ അതിജീവനത്തിന്റെ പാഠങ്ങൾ കൂടിയാണെന്ന് ഇസ്‌ലാമിക സമൂഹം തിരിച്ചറിയണം.

കമലാ സുറയ്യയുടെ ജീവിതവും എന്തിന് മരണം പോലും ഒരു നല്ല നിമിത്തമായി കാണുകയാണ് വേണ്ടത്. എങ്കിൽ മാത്രമേ 'പള്ളിപ്പേടി'കൾ പലതും മാറുകയുള്ളൂ. അതിൽ പെട്ട ഒന്നായിരുന്നു ഇതര മതസ്ഥർക്കും, വിശിഷ്യാ സ്വന്തം മാതാപിതാക്കളുടെയോ മക്കളുടെയോ ഭർത്താവിന്റെയോ മരണാനന്തര ചടങ്ങുകൾക്ക് പള്ളിപ്പറമ്പിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ബഹുഭൂരിപക്ഷം മുസ്‌ലിം സ്ത്രീകൾക്കും വേണ്ടി പാളയം പള്ളിയിലെ ഖബറടക്കത്തിന്റെ ലൈവ് ടെലികാസ്റ്റ്. സ്ത്രീത്വത്തിന്റെ ഭിന്ന ഭൂമികകൾ മലയാളത്തിന് പരിചയപ്പെടുത്തിയ കമലാ സുറയ്യ എന്ന നവമുസ്‌ലിമിന് മാത്രമേ അത് കഴിയുമായിരുന്നുള്ളൂ എന്നതാണ് സത്യം.

**പി. സുന്ദരരാജൻ നാദാപുരം**

# ജ്വലിച്ചുയർന്ന സുറയ്യ

**മാധവിക്കുട്ടി** കമലാ സുറയ്യ ആയശേഷം രണ്ടുതവണ കുടുംബസമേതം അവരെ സന്ദർശിക്കാൻ അവസരം ലഭിച്ചിരുന്നു. മുൻപരിചയമില്ലാത്ത ഞങ്ങളെ വളരെ സന്തോഷത്തോടെയാണ് അവർ സ്വീകരിച്ചിരുത്തിയത്. കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്തുനിന്നാണ് വരുന്നതെന്ന് പറഞ്ഞപ്പോൾ പുഞ്ചിരിച്ചു കൊണ്ട് കണ്ണൂർ, കാസർകോട് ഭാഗങ്ങളിലെ മുസ്‌ലിം സ്ത്രീ ശീലങ്ങളെക്കുറിച്ച് വളരെ താൽപര്യത്തോടെ അവർ ചോദിച്ചറിഞ്ഞു. കുഞ്ഞുങ്ങളെ ലാളിച്ചും സ്നേഹത്തെക്കുറിച്ച് നിർത്താതെ മൊഴിഞ്ഞും സൽക്കരിച്ചും അവർ നവ്യാനുഭവം പകർന്നു.

രണ്ടാമത്തെ സന്ദർശനം വേദനിക്കുന്ന ഓർമയായിരുന്നു. സുറയ്യയെക്കുറിച്ച് *ഫ്രണ്ട് ലൈൻ* ബാംഗ്ലൂർ റിപ്പോർട്ടറുടെ, ഹൃദയത്തിൽ തറക്കുന്ന പരാമർശത്തെക്കുറിച്ച് എം.കെ സാനു മാസ്റ്ററുമായി സംസാരിച്ച് അദ്ദേഹം പടി ഇറങ്ങിപ്പോയതിനു ശേഷം കരഞ്ഞു കലങ്ങിയ കണ്ണുകളുമായാണ് അവർ ഞങ്ങളെ സ്വീകരിച്ചത്. സങ്കടം കൊണ്ട് മനസ്സ് നീറുമ്പോഴും അവർ ഞങ്ങളോട് നീരസം കാട്ടിയില്ല. മനുഷ്യന് ഇത്രത്തോളം വെറുപ്പ് പേറാൻ കഴിയുമോ എന്നവർ വിലപിച്ചു.

മനസ്സിൽ അടിഞ്ഞുകൂടിയ വെറുപ്പിനെ സ്നേഹത്തൂവാലകൊണ്ട് തുടച്ചുനീക്കി ഹൃദയത്തെ പ്രശോഭിതമാക്കാൻ ലോകരെ നിരന്തരം ഉണർത്തിയ ആ മഹതി തന്നെ സ്നേഹിച്ചവർക്കും വെറുത്തവർക്കും സ്നേഹ പൂക്കൾ മാത്രം നൽകി കാരുണ്യത്തിന്റെ ഒടുങ്ങാ കലവറയായ ദൈവത്തിന്റെ നിത്യസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു.

**സൈനുദ്ദീൻ കരിവെള്ളൂർ**




# അല്ലാഹുവിന്റെ വരദാനം

**ചേരമാൻ** പെരുമാളിനു ശേഷം കേരളം കണ്ട പ്രധാനപ്പെട്ട ഇസ്‌ലാമാശ്ലേഷമായിരുന്നു കമലാ സുറയ്യയുടേത്. ആ വ്യക്തിത്വത്തെ ശോഭയോടെ വസ്തുനിഷ്ഠമായി വായനക്കാരുടെ കൈകളിലെത്തിച്ച *പ്രബോധനം* വാരികക്ക് (ലക്കം 2) ഒരുപാട് നന്ദി.

ആരുടെയും പ്രബോധനമില്ലാതെ, ആർജിച്ചെടുത്ത ജ്ഞാനം മാത്രം അവലംബമാക്കി, സാഹിത്യത്തിന്റെയും കവിതയുടെയും ഹിമാലയം കണ്ടെത്തിയ ഒരു നായർ പെണ്ണ് ഇസ്‌ലാം ആശ്ലേഷിക്കുകയും സ്വന്തം വീട്ടിൽ പോലും പർദയണിഞ്ഞ് ഇസ്‌ലാമിക സംസ്കാരങ്ങളുടെ അടയാളങ്ങളെ മാനിക്കുകയും ചെയ്തുവെന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ അത്ഭുതകരമായ പരിവർത്തനംതന്നെ.

ബ്രഹ്മാക്ഷരങ്ങളുടെ കാതലെടുത്ത് തസ്ബീഹ് മാല കോർത്ത കമലാ സുറയ്യയുടെ സർഗദേവതയെ ആവാഹിച്ചെടുത്ത് ഇസ്‌ലാമിക സൗന്ദര്യശാസ്ത്രവുമായി ബന്ധിപ്പിക്കുന്നതിലും കലാ സാഹിത്യ വേദിക്കു പുതിയ മാനം നൽകുന്നതിലും കേരളത്തിലെ മുസ്‌ലിം പ്രതിഭാശാലികൾ പരാജയപ്പെട്ടുവെന്നതാണ് സത്യം.

**വി.കെ.എം കുട്ടി ഈസ്റ്റ് മലയമ്മ**
**ദോഹ, ഖത്തർ**

# ബി. എസ്. എൻ. എല്ലിൽ ഷെയറുണ്ടോ?

**'കേരളത്തെ** വിഴുങ്ങുന്ന മൊബൈൽ സാമ്രാജ്യത്വം' എന്ന സി.കെ.എ ജബ്ബാറിന്റെ കവർസ്റ്റോറി(ലക്കം 2)യോടുള്ള പ്രതികരണമാണിത്.

മൊബൈൽ ഫോൺ മനുഷ്യജീവിതത്തിലെ അവിഭാജ്യമായ വിനിമയ മാധ്യമമാണ്. മൊബൈൽ ഫോൺ ഉപയോഗത്തിന് കടിഞ്ഞാണിടാൻ നടത്തിയ ശ്രമങ്ങൾ പരാജയമാണെന്ന് സമ്മതിച്ച് ഇപ്പോൾ മൊബൈൽ നെറ്റ്‌വർക്കുകളുടെ സാമ്രാജ്യത്വ ദാസ്യം അളക്കുന്നതിലേക്ക് നമ്മൾ തരംതാണിരിക്കുന്നു.

ഒരിക്കലും പ്രാവർത്തികമാക്കാൻ കഴിയാത്തത് വീണ്ടും വീണ്ടും എടുത്തോതുന്നത് 'നിങ്ങൾ പ്രവർത്തിക്കാത്തത് പറയരുത്' എന്ന ഖുർആൻ സൂക്തത്തിന്റെ മറ്റൊരു ഭാഷ്യമാണ്.

ലേഖനം വായിച്ചുതീർത്ത ഒരാൾക്ക് തോന്നാവുന്ന സ്വാഭാവികമായ ഒരു ചോദ്യം 'ഇയാൾക്ക് ബി.എസ്.എൻ.എല്ലിൽ ഷെയറുണ്ടോ' എന്നതാണ്. കാലങ്ങളായി ബി.എസ്.എൻ.എൽ തുടരുന്ന ചൂഷണനയമാണ് സ്വകാര്യ നെറ്റ്‌വർക്കുകൾക്ക് ഇത്രയധികം വേരോട്ടം കിട്ടാനുള്ള പ്രധാന കാരണം. ഇന്നും ബി.എസ്.എൻ.എൽ ലാന്റ് ലൈനിന്റെ വാടകയെത്ര എന്ന് എല്ലാവർക്കും അറിയാം.

പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്ന നയം തുടരുന്ന ഒരു സർക്കാർ അധികാരത്തിലുള്ളപ്പോൾ, ഇന്ന് പകുതി ഓഹരി മാത്രം സർക്കാർ അധീനതയിലുള്ളതും സമീപ ഭാവിയിൽ പൂർണമായും സ്വകാര്യവത്കരിക്കപ്പെടാൻ സകല സാധ്യതകളുള്ളതുമായ ഒരു കമ്പനിക്ക് വേണ്ടി ഇങ്ങനെ വക്കാലത്ത് പിടിക്കുന്നത് എന്തിന്?

അഞ്ചു രൂപക്കും പത്തു രൂപക്കും കുറഞ്ഞ നിരക്കിൽ ആജീവനാന്ത സിമ്മുകൾ കിട്ടുമ്പോൾ പഴയ ബി.എസ്.എൻ.എൽ പുരാണം ഏശാത്തതിൽ പൊതുജനത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇനി അതിന് സാംസ്കാരിക അധിനിവേശം, സാമ്രാജ്യത്വ ദാസ്യം എന്നിങ്ങനെ സുന്ദര നാമങ്ങളിട്ടാലും ഇതൊക്കെ തന്നെയേ സംഭവിക്കൂ.

പുരോഗതി മനുഷ്യന് സൗകര്യവും സമയലാഭവും നൽകുന്നുവെങ്കിൽ അതിനെയെന്തിനെതിർക്കണം? യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ടുള്ള ഇത്തരം വിമർശനങ്ങൾ വായനക്കാരായ പൊതുസമൂഹത്തിന് മുമ്പിൽ സ്വയം പരിഹാസ്യരാകാനേ ഉപകരിക്കൂ.

**ഷെബീൻ പെരിമ്പലം**
shabeenpdm@gmail.com

## പലായനം

**അത്യപൂർവമായി** മാത്രം സംഭവിക്കാവുന്ന ഒന്നാണ് മാധവിക്കുട്ടിയിൽനിന്നും സുറയ്യയിലേക്കുള്ള പലായനം. 1999-ൽ ഇസ്‌ലാം ആശ്ലേഷിച്ച വിവരം അവർ ലോകത്തെ അറിയിക്കുമ്പോൾ ചാരം പൊതിഞ്ഞിരുന്ന തീക്കനൽ ഊതി കത്തിക്കുകയായിരുന്നു. കേരളത്തിൽ അറിയപ്പെടുന്ന ഒരു കുടുംബാംഗം, ലോകം അറിയപ്പെടുന്ന ഒരു സാഹിത്യകാരി തെറ്റിദ്ധരിക്കപ്പെട്ട ഒരു ദർശനത്തിന്റെ സനാതന മൂല്യങ്ങളെക്കുറിച്ച നിലവിലെ കാഴ്ചപ്പാടുകളെ തിരുത്തിക്കുറിക്കുകയായിരുന്നു. അതോടെ, മിത്രങ്ങൾ ശത്രുക്കളായും പ്രശംസകൾ പരിഹാസമായും മാറി. ഏകപക്ഷീയമായ ഈ കടന്നാക്രമണങ്ങളിൽ അവരുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തിയത് അദൃശ്യകരങ്ങളാണ്.

കമലാ സുറയ്യയുടെ മതംമാറ്റം മുസ്‌ലിം സമൂഹത്തിൽ കാര്യമായ ചലനങ്ങളുണ്ടാക്കിയില്ല. ഒരുതരം നിസ്സംഗതയാണ് പ്രകടമായത്. ഒരു മുസ്‌ലിം സംഘടനയും അതിന്റെ വനിതാ വിഭാഗവും സന്ദർഭോചിതമായി ഇടപെട്ടതിനാൽ വിവാദങ്ങളിലേക്ക് വലിച്ചിഴക്കാമായിരുന്ന അനർഥങ്ങളിൽനിന്നും സമുദായം മോചിതമായി. ഭൂരിഭാഗം മുസ്‌ലിം സംഘടനകളും പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിലാണ് നിലകൊണ്ടത്.

**എച്ച്. സ്വലാഹുദ്ദീൻ കരുനാഗപ്പള്ളി**

## ഓഫറുകളിൽ വീഴുന്നവർ

**'കേരളത്തെ** വിഴുങ്ങുന്ന മൊബൈൽ സാമ്രാജ്യത്വം' എന്ന ലേഖനം വായിച്ചു. സാമ്രാജ്യത്വത്തിന്റെ വക്താക്കളായ വോഡഫോൺ പോലുള്ള കണക്ഷൻ ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്തതിനോട് തീർത്തും യോജിക്കുന്നു. എറണാകുളം കളമശ്ശേരിയിൽ വോഡഫോണിന്റെ കസ്റ്റമർ സർവീസ് അഡ്വൈസറായി ജോലി ചെയ്തിരുന്ന വ്യക്തി എന്ന നിലക്ക് അറിയാൻ കഴിഞ്ഞത്, കേരളത്തിൽ ഏറ്റവും കൂടുതൽ വോഡഫോൺ കണക്ഷൻ ഉള്ളത് മുസ്‌ലിംകൾ ഏറ്റവും കൂടുതലുള്ള മലപ്പുറം ജില്ലയിലാണ് എന്നാണ്.

45000-65000 കോളുകളാണ് കേരളത്തിൽനിന്ന് വോഡഫോൺ കസ്റ്റമർ സർവീസിലേക്ക് വരുന്നത്. അതിൽ തൊണ്ണൂറ് ശതമാനത്തിലധികവും മലപ്പുറം ജില്ലയിൽനിന്നാണ്. അതിന് കാരണം, അറിവില്ലായ്മയും വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുമാണെന്ന് കമ്പനി തന്നെ വിലയിരുത്തുന്നു. 'കാശുണ്ട് പക്ഷേ ബുദ്ധിയില്ല' എന്നാണ് മലപ്പുറത്തെപറ്റി വോഡഫോണിലെ ഒരു എക്സിക്യൂട്ടീവിന്റെ വിലയിരുത്തൽ. മലപ്പുറത്തെ കസ്റ്റമേഴ്സ്, പ്രത്യേകിച്ച് മുസ്‌ലിം സ്ത്രീകൾ ഓഫറുകൾ വരുമ്പോൾ കമ്പനി പറയുന്ന ബട്ടൺ അമർത്തി ആക്റ്റീവേറ്റ് ചെയ്യുകയും 'അബദ്ധ'ത്തിൽ ചാടുകയും ചെയ്യുന്നു. ബോധവത്കരണ ക്ലാസ്സുകളും കാമ്പയിനുകളും നടത്തിയാൽ മാത്രമേ സാമ്രാജ്യത്വത്തിന്റെ വിളയാട്ടം തടഞ്ഞുനിർത്താനാവൂ.

**എം. ശമീർ കൂറ്റമ്പാറ, നിലമ്പൂർ**

## ചുരുക്കെഴുത്ത്

**അന്തരിച്ച** കമലാ സുറയ്യയെ അനുസ്മരിച്ച് ഒട്ടനവധി പേർ എഴുതിയത് ശ്രദ്ധിച്ചു. ഏതാണ്ടെല്ലാവരും തന്നെ മാധവിക്കുട്ടിയെയും കമലാ ദാസിനെയും പറ്റിയാണ് എഴുതിയത്. കമലാ സുറയ്യ കടന്നുവന്നത് കെ.പി രാമനുണ്ണി, ടി.ജെ.എസ് ജോർജ് തുടങ്ങിയ വളരെ കുറച്ചു പേരിലൂടെ മാത്രം.

പുന്നയൂർക്കുളത്തെ നീർമാതളത്തിനു ചുവടായിരുന്നു മാധവിക്കുട്ടിയെന്ന കമലാ സുറയ്യയുടെ അവസാന ഉറക്കത്തിനനുയോജ്യമായ സ്ഥലമെന്നും അതിനു പറ്റാത്തതിനാൽ ആ ജീവിതം അവസാനം അപൂർണമായി എന്ന് കരുതുന്നവരും ഉണ്ട്. ഇവരാരും പാളയത്തെ ഖബറടക്കത്തെയും അവിടെ കണ്ട മതമൈത്രിയുടെ സന്ദേശത്തെയും ഒറ്റവാക്കിൽ പോലും പരാമർശിച്ചില്ല!

**അബൂ അഫ്നാൻ**
**കവ്വായി, ഒമാൻ**

***പ്രബോധനം*** ജൂൺ 13 കമലാ സുറയ്യയുടെ സ്മരണ വേണ്ടുവോളം പുതുക്കാൻ ഉതകുന്നതായിരുന്നു. അവരുമായി നേരിട്ട് കൊച്ചിയിലെ വസതിയിൽ കൂടിക്കാഴ്ച നടത്തിയത് ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. വിശ്വ പ്രസിദ്ധ സാഹിത്യകാരിയെന്ന ഭാവമോ നാട്യങ്ങളോ ഒട്ടുമില്ലാതെ വാതോരാതെ ഒരു വല്യുമ്മയുടെ സ്നേഹം വിളമ്പിത്തന്നത് ഓർമയിൽ മായാതെ നിൽക്കുന്നു. സാഹിത്യലോകത്ത് കറകളഞ്ഞ മനുഷ്യ സ്നേഹത്തിന്റെ പ്രതീകമായി നിലകൊണ്ടു ആ പുണ്യജന്മം. പുഞ്ചിരിക്കാൻ പോലുമറിയാത്ത എഴുത്തിന്റെ ലോകത്തെ മനുഷ്യ രൂപങ്ങൾക്ക് മാതൃകയാകട്ടെ കമലാ സുറയ്യയുടെ ജീവിതവും മരണവും.

**ശബാബ് മുഹമ്മദ്**
**ഷാർജ**